KSIDC/TVM/3282/2007/ 15.11.2011

**<u>ദർഘാസ് ലേല പരസ്യം നമ്പർ I</u>**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വെയിലൂർ വില്ലേജിൽ സർവ്വേ നം. 192(1) ൽ നിൽക്കുന്ന ഉദ്ദേശം 930 റബ്ബർ, 68 ആഞ്ഞിലി തൈ, 6 അക്വേഷ്യ എന്നീ മരങ്ങൾ പൂർണ്ണമായും വേര് സഹിതം നീക്കം ചെയ്യുന്നതിന് സീൽ ചെയ്ത കവറിൽ ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള സ്ഥാപനങ്ങൾ / വ്യക്തികൾ തീർച്ചയായും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്, തിരുവനന്തപുരത്ത് മാറാവുന്ന 5000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിശ്ചിത സമയത്തിന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിൽ " ദർഘാസ് ലേല പരസ്യം നമ്പർ I" എന്ന് എഴുതേണ്ടതാണ്.

ദർഘാസുകൾ 2011 നവംബർ 30 - ന് ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി വ്യവസായ വികസന കോർപ്പറേഷൻ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 2.30 മണിക്ക് ദർഘാസ് തുറക്കുന്നതാണ്. വൈകി കിട്ടിയതോ യഥാവിധി അല്ലാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസ് നൽകുന്നവർ അവരുടെ സ്വന്തം ചെലവിൽ സർവ്വേ നം.192(1)ൽ നിൽക്കുന്ന ലേല വസ്തുക്കൾ പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത ലേല സാധനങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും ക്ലിയറൻസ് ആവശ്യമായി വന്നാൽ അത് സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.

ലേല വസ്തുക്കളുടെ വിശദ വിവരങ്ങൾ വ്യവസായ വികസന കോർപ്പറേഷൻ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ (10.00AM to 5.00 PM) ലഭിക്കുന്നതാണ്. ദർഘാസുകൾ പ്രത്യേക കാരണമൊന്നും ബോദ്ധ്യപ്പെടുത്താതെ തന്നെ നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. പരസ്യ ലേലത്തിനു മുമ്പ് നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

ഏറ്റവും ഉയർന്ന ലേല തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ലേലം നടത്താനാകാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്. ലേലം പിടിച്ചയാൾ അന്ന് തന്നെ ലേല തുക കെട്ടിവച്ച് ഒരു മാസത്തിനകം ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വ്യവസായ
വികസന കോർപ്പറേഷൻ ലിമിറ്റഡ്
ഫോൺ: 0471-2318922

KSIDC/TVM/3282/2007/ 15.11.2011

**ദർഘാസ് ലേല പരസ്യം നമ്പർ 2**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വെയിലൂർ വില്ലേജിൽ താഴെ പറയുന്ന സർവ്വേ നം. ഉൾപ്പെട്ട രണ്ടു കെട്ടിടങ്ങൾ പൊളിച്ചുമാറ്റി നീക്കം ചെയ്യുന്നതിന് സീൽ ചെയ്ത കവറിൽ ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പൊളിച്ചു മാറ്റേണ്ട കെട്ടിട വിവരങ്ങൾ:

1. സർവ്വേ നം.187/1ൽ ലാറ്ററൈറ്റ് കൊണ്ട് നിർമ്മിച്ച് ഓട് ഇട്ട കെട്ടിടമാണ്.
2. സർവ്വേ നം.188/1 ൽ ഇഷ്ടിക കൊണ്ട് നിർമ്മിച്ച GI ഷീറ്റ് ഇട്ട കെട്ടിടമാണ്.

ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള സ്ഥാപനങ്ങൾ / വ്യക്തികൾ തീർച്ചയായും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്, തിരുവനന്തപുരത്ത് മാറാവുന്ന 3000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിശ്ചിത സമയത്തിന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിൽ " ദർഘാസ് ലേല പരസ്യം നമ്പർ 2" എന്ന് എഴുതേണ്ടതാണ്.

ദർഘാസുകൾ 2011 നവംബർ 30 - ന് ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി വ്യവസായ വികസന കോർപ്പറേഷൻ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 3.30 മണിക്ക് ദർഘാസ് തുറക്കുന്നതാണ്. വൈകി കിട്ടിയതോ യഥാവിധി അല്ലാത്തതോ ആയ ദർഘാസുകൾ പരിഗണി ക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസ് നൽകുന്നവർ അവരുടെ സ്വന്തം ചെലവിൽ സർവ്വേ നം. 187(1)ലും 188/1ലും നിൽക്കുന്ന ലേല വസ്തുക്കൾ പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത ലേല സാധനങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും ക്ലിയറൻസ് ആവശ്യമായി വന്നാൽ അത് സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.

ലേല വസ്തുക്കളുടെ വിശദ വിവരങ്ങൾ വ്യവസായ വികസന കോർപ്പറേഷൻ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ (10.00 AM to 5.00 PM) ലഭിക്കുന്നതാണ്. ദർഘാസുകൾ പ്രത്യേക കാരണമൊന്നും ബോദ്ധ്യപ്പെടുത്താതെ തന്നെ നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. പരസ്യ ലേലത്തിനു മുമ്പ് നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

ഏറ്റവും ഉയർന്ന ലേല തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ലേലം നടത്താനാകാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്. ലേലം പിടിച്ചയാൾ അന്ന് തന്നെ ലേല തുക കെട്ടിവച്ച് ഒരു മാസത്തിനകം ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വ്യവസായ
വികസന കോർപ്പറേഷൻ ലിമിറ്റഡ്
ഫോൺ: 0471-2318922